I.ഇ.ബി. XIIകേരള നിയമസഭ/XI-2

**പന്ത്രണ്ടാം  കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂൺ 23, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ സി.എം. ദിനേശ്മണി, എ.കെ. ചന്ദ്രൻ, വർക്കല കഹാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമ നിർദ്ദേശം ചെയ്തു.

**അടിയന്തിരപ്രമേയം**

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസ് ഘടനയും

മി. സ്പീക്കർ: സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുക ളിലെ പ്രവേശന നടപടിക്രമവും  ഫീസ് ഘടനയും തീരുമാനിക്കാത്തതു കൊണ്ടും സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിർദ്ദേശം നൽകാനുള്ള നിയമത്തിന്റെ അഭാവം കൊണ്ടും ഉണ്ടായിട്ടുള്ള അനിശ്ചിതത്വംമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉൽക്കണ്ഠയുണ്ടാകുന്നതായി പറയ

പ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സ്വാശ്രയ മെഡിക്കൽ - എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും യാതൊരു ഉൽക്കണ്ഠയും ഉണ്ടാകാത്ത വിധത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മന്ത്രിസഭാ ഉപസമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ചില സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഇപ്പോൾത്തന്നെ ധാരണയുണ്ടാക്കിയിട്ടുണ്ട്. 52 നേഴ്സിംഗ് കോളേജ് പ്രതിനിധികളുമായി ആരോഗ്യവകുപ്പ് നടത്തിയ ചർച്ച മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് തൃപ്തികരമാണെന്ന് കണ്ട് അംഗീകാരം നൽകിയിട്ടുണ്ട്. ബി.എസ്സി.-എം.എൽ.ടി.-ഫാർമസി മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ചർച്ചനടത്തി ബഹുഭൂരിപക്ഷവുമായി ധാരണയിലെത്തിയിട്ടുണ്ട്. ഈ വർഷവും മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകൾ, ബി.എഡ്. കോളേജുകൾ ഉൾപ്പെടെ എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലേയും മാനേജ്മെന്റുമായി ഫീസിനെ സംബന്ധിച്ചും, പ്രവേശനത്തെ സംബന്ധിച്ചും ചർച്ച നടത്തി വ്യക്തമായ ധാരണയുണ്ടാക്കുന്നതാണ്. 50:50 എന്ന പ്രവേശന സമ്പ്രദായം ഇപ്പോഴും അംഗീകരിക്കാത്ത ഇന്റർ ചർച്ച് കൗൺസിലുമായി ബന്ധപ്പെട്ടു നിൽക്കുന്ന ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളായ പുഷ്പഗിരി, കോലഞ്ചേരി, അമല, ജൂബിലി

എന്നിവയുമായി ചർച്ച നടത്താനുള്ള സന്നദ്ധത ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഇന്റർ ചർച്ച് കൗൺസിലുമായി ബന്ധപ്പെട്ട് നിൽക്കുന്ന 10 എഞ്ചിനീയറിംഗ് കോളേജുകളാണ് 50 ശതമാനം സീറ്റ് ഗവൺമെന്റിന് വിട്ടുതരാൻ വിസമ്മതിക്കുന്നത്. താങ്ങാവുന്ന ഫീസിൽ 50 ശതമാനം വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ബഹുഭൂരിപക്ഷം വരുന്ന മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളും സമ്മതം അറിയിച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ചർച്ച പൂർത്തീകരിച്ച് യാതൊരു പ്രയാസവും കൂടാതെ മുൻവർഷങ്ങളിലെ പോലെ പ്രവേശനം നടത്താൻ കഴിയും. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി. സതീശൻ: സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശന നടപടിക്രമങ്ങളെക്കുറിച്ചോ ഫീസ് ഘടനയെക്കുറിച്ചോ സംവരണത്തെക്കുറിച്ചോ ഇതുവരെ ശാശ്വതമായ ഒരു തീരുമാനമെടുക്കാൻ കഴിയാത്ത നിഷ്ക്രിയമായ ഗവൺമെന്റാണിത്. ഓരോ പ്രവേശന പരീക്ഷ കഴിയുമ്പോഴും ഉണ്ടാകുന്ന അനിശ്ചിതത്വം ഇപ്രാവശ്യം വളരെ രൂക്ഷമായിരിക്കുകയാണ്. സ്വാശ്രയ സ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റ് കുറയുകയും ഫീസ് വർദ്ധിക്കുകയും ചെയ്തു. തലവരിപ്പണം ലക്ഷങ്ങളായി മാറി. ജൂൺ മാസം 20-ാം തീയതിക്കുമുമ്പായി പ്രവേശന നടപടിക്രമങ്ങൾ അറിയിക്കണമെന്ന് എൻട്രൻസ് പരീക്ഷാ കമ്മീഷണർ സർക്കാരിന് എഴുതിയിട്ട് ഒരു തീരുമാനത്തിലെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സുപ്രീംകോടതി വിധി പ്രകാരം രൂപീകരിച്ച ജസ്റ്റീസ് മുഹമ്മദ് കമ്മിറ്റി പരിഹാസ്യമായി മാറിയിരിക്കുന്നു. ന്യൂനപക്ഷ വിരുദ്ധമനോഭാവം മുഖമുദ്രയാക്കിയ ഈ ഗവൺമെന്റ് രാഷ്ട്രീയ വിരോധം നിമിത്തം കാലിക്കട്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിനെ ഉപയോഗിച്ച് നാല് കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കിയിരിക്കു

കയാണ്. നീതിയുക്തമായ പ്രവേശന രീതിയും മാന്യമായ ഫീസ് ഘടനയും നടപ്പാക്കാനോ സ്വാശ്രയ കോളേജുകളിലെ മെറിറ്റ് സീറ്റിൽ സർക്കാർ കോളേജുകളിലെ ഫീസ് ഈടാക്കാനോ സാധിച്ചിട്ടില്ല. മെറിറ്റ് സീറ്റിലെ കുട്ടികളിൽ നിന്ന് മൂന്നു തട്ടുകളിലായി ഫീസ് ഈടാക്കണമെന്ന മാനേജു മെന്റിന്റെ ആവശ്യം ഇടതുമുന്നണിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാമെന്ന് സർക്കാർ സമ്മതിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം എൻ. ആർ. ഐ. സീറ്റിന് മെഡിക്കൽ കോളേജുകളിൽ 45 ലക്ഷം രൂപ വാങ്ങാൻ സർക്കാർ അനുമതി കൊടുത്തിരുന്നു. നിർധനരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടു ക്കുമെന്ന വാഗ്ദാനം സർക്കാർ ഇതുവരെ പാലിച്ചിട്ടില്ല. 2007 ജനുവരി 1-ന് സംവരണവുമായി ബന്ധപ്പെട്ട വകുപ്പ് റദ്ദാക്കിക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് ഇതുമായി ബന്ധപ്പെട്ട് പാർലമെന്റ് നിയമം പാസ്സാക്കിയിട്ടുണ്ടെന്നും എസ്.സി./എസ്.ടി.ക്കാർക്കും മറ്റ് പിന്നോക്ക സമുദായക്കാർക്കും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഉറപ്പ് വരുത്താനുള്ള അധികാരം സ്റ്റേറ്റ് ഗവൺമെന്റിനും സ്റ്റേറ്റ് ലെജിസ്ലേച്ച റിനും ഉണ്ടെന്നും അതുകൊണ്ട് ഗവൺമെന്റിന് നിയമനിർമ്മാണം നടത്താമെ ന്നുമാണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ പിന്തുണ ഉണ്ടായിട്ടും ഇതുവരെ അതുസംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്താനോ ഓർഡിനൻസ് ഇറക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. ഈ മേഖലയിൽ മുഴുവൻ അനിശ്ചിതത്വം നിലനിൽക്കുകയാണ്. ആൾ ഇൻഡ്യാ പ്രവേശന പരീക്ഷ കഴിഞ്ഞ് അഡ്മിഷൻ തുടങ്ങിയിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളി ലെപ്പോലെ അന്യസംസ്ഥാനങ്ങളിലെ അഡ്മിഷൻ പൂർത്തിയാകാൻ സർക്കാർ കാത്തിരിക്കുകയാണ്. ഇക്കാര്യത്തിൽ ശാശ്വതമായ ഒരു തീരുമാന മെടുക്കാൻ കഴിയാതെ കെടുകാര്യസ്ഥതയുടെയും നിഷ്ക്രിയത്വത്തിന്റെയും

പ്രതീകമായി സർക്കാർ മാറിയിരിക്കുന്നു. പതിനായിരക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും മുൾമുനയിൽ നിറുത്തിക്കൊണ്ട് ചില മാനേജുമെന്റുകളുമായി ചേർന്ന് സർക്കാർ നടത്തുന്ന പ്രഹസനം അവസാനിപ്പിക്കണം. ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ മെഡിക്കൽ- എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണ തത്വം പൂർണ്ണമായും പാലിച്ചുകൊണ്ടാണ് പ്രവേശനം നടത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് പ്രവേശന പരീക്ഷയിൽ മിനിമം മാർക്ക് ലഭിക്കാത്തതിനാൽ നഷ്ടപ്പെട്ടുകൊണ്ടിരുന്ന സീറ്റിൽ കഴിഞ്ഞ വർഷം മുതൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് കൊടുക്കുകയും സുപ്രീംകോടതിയുടെ അനുമതിയോടെ പ്രത്യേക പ്രവേശന പരീക്ഷ നടത്തിക്കൊണ്ട് യോഗ്യരായവർക്ക് ഒരു സീറ്റ് പോലും നഷ്ടപ്പെടാത്ത വിധത്തിൽ അഡ്മിഷൻ നൽകുന്നുണ്ട് 2003-ൽ 1,76,000 രൂപയാണ് മെഡിക്കൽ കോളേജുകളിൽ ഫീസ് തീരുമാനിച്ചിരുന്നതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്പോൾ സഹകരിക്കാത്ത സ്വാശ്രയ കോളേജുകളിലടക്കം 2006-ൽ 13,000 രൂപ സർക്കാർ ഫീസിലാണ് ആദ്യത്തെ വർഷം പ്രവേശനം നടത്തിയത്. സി.എസ്.ഐ മെഡിക്കൽ കോളേജിൽ 2002-ൽ ആദ്യത്തെ ബാച്ചിലെ ആദ്യ വർഷത്തെ ഫീസ് 1,50,000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷത്തെ ഫീസ് 1,13,000 രൂപയുമായിരുന്നു. കഴിഞ്ഞ വർഷം സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിൽ സംവരണതത്വം കർശനമായി പാലിച്ചിട്ടുണ്ട്, ഈ വർഷവും

പാലിക്കും. ഇനാംദാർ കേസിന്റെ ജഡ്ജ്മെന്റിന് ശേഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഗവൺമെന്റുകൾക്ക് ഒരുപാട് പരിമിതികളുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഒരു കേന്ദ്ര നിയമം കൊണ്ടുവരണമെന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അഭിപ്രായം. കേന്ദ്ര നിയമത്തിലൂടെ മാത്രമേ പരിപൂർണ്ണമായും അവയെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിക്കുകയുള്ളു. ഇക്കാര്യം ചർച്ച ചെയ്തപ്പോൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രി ശ്രീ. കപിൽ സിബൽ പറഞ്ഞിട്ടുണ്ട്. ബഹുഭൂരിപക്ഷം സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളും ഗവൺമെന്റുമായി ചർച്ച നടത്തി ധാരണയുണ്ടാക്കാൻ പോവുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട്, താങ്ങാവുന്ന ഫീസിൽ 50 ശതമാനം കുട്ടികളെ പഠിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിലൂടെ ഗവൺമെന്റിന്റെ ഉത്തരവാദിത്തം നിറവേറ്റുക തന്നെ ചെയ്യും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>കൊല്ലം ആസ്ഥാനമായി കാഷ്യു ബോർഡ്</u>

<u>ശ്രീ. എ. എ. അസീസ് :</u> ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി കശുവണ്ടി വ്യവസായ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തിര പരിഗണനയ്ക്ക് സമർപ്പിക്കണം. അന്താരാഷ്ട്ര മാർക്കറ്റിൽ കശുവണ്ടിയുടെ വിലയിടിയുകയും ആവശ്യക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്തിരിക്കുന്നതുമൂലം കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് ഭീഷണി നേരിടുകയാണ്. കൂടിയ വിലയ്ക്ക് തോട്ടണ്ടി വാങ്ങുന്ന വ്യവസായികൾക്ക് ഒരു കണ്ടെയിനർ പരിപ്പ് വിൽക്കുമ്പോൾ 15 ലക്ഷത്തോളം രൂപയുടെ നഷ്ടം വരുന്നുണ്ട്. കശുവണ്ടിയുടെ കയറ്റുമതിയിൽ കുറവുണ്ടായതിന്റെ ഫലമായി പല സ്വകാര്യ ഫാക്ടറികളും അടച്ചുപൂട്ടുകയും ഈ മേഖലയിൽ പണിയെടുക്കുന്ന മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പ്രതിസന്ധി നേരിടുകയും ചെയ്യുന്നു. കൂടുതൽ കശുവണ്ടി ഫാക്ടറികളും സ്വകാര്യ മേഖലയിലായതിനാൽ ഈ വ്യവസായ ത്തിന്റെ നിലനിൽപ്പിന് കാഷ്യൂ ബോർഡിന്റെ രൂപീകരണം അനിവാര്യമായതിനാൽ കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഇതിനായി അഖിലകക്ഷി നിവേദനം സമർപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : അമേരിക്ക അടക്കമുള്ള ലോകരാഷ്ട്രങ്ങളിലുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി വിദേശ മാർക്കറ്റിൽ കശുവണ്ടിയുടെ വിലയിൽ കുറവ് വന്നിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. കശുവണ്ടി ഉൽപാദനത്തിന്റെ 50 ശതമാനത്തിൽ അധികവും കയറ്റുമതി ചെയ്യുന്നത് അമേരിക്കയിലേയ്ക്കാണ്. വിയറ്റ്നാം തുടങ്ങിയ രാഷ്ട്രങ്ങൾ കശുവണ്ടി ഉൽപ്പാദനം ആരംഭിച്ചതുമൂലം ഈ രംഗത്തെ കിടമത്സരവും വർദ്ധിച്ചിരിക്കുന്നു. രാജ്യത്തേയ്ക്കാവശ്യമുള്ള തോട്ടണ്ടിയുടെ പകുതിയിലധികവും ഇറക്കുമതി ചെയ്യുകയാണ്. കശുവണ്ടി ഭൂരിപക്ഷവും ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലെ കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ്. രാജ്യത്തിന് 2700 കോടി രൂപയുടെ വിദേശ നാണ്യം നേടിത്തരുന്ന വ്യവസായമാണിത്. മത്സരാധിഷ്ഠിത കമ്പോളത്തിൽ ഇടപെടാൻ കഴിയത്തക്കവിധത്തിൽ കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യം പരിഗണിക്കുകയും വാണിജ്യ മന്ത്രാലയം ബിൽ തയ്യാറാക്കുകയും ചെയ്തതാണ്. ബോർഡിന്റെ ആസ്ഥാനം സംബന്ധിച്ച് ചർച്ച ചെയ്യുകയും ബഹുമാനപ്പെട്ട കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിതന്നെ വാണിജ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തുവെങ്കിലും കേന്ദ്ര ഗവൺമെന്റിന് അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെന്റീച്ചറിന്റേയും കേന്ദ്ര കൃഷിവകുപ്പിന്റേയും പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് 23-12-2008-ൽ കത്ത് അയച്ചിട്ടുണ്ട്. പുതിയ കേന്ദ്രഗവൺമെന്റ് കാഷ്യൂ ബോർഡ് രൂപീകരിക്കാനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എം.പി. മാരുടെ യോഗത്തിൽ സംസ്ഥാന മുഖ്യമന്ത്രി തന്നെ ഇക്കാര്യം ഉന്നയിക്കുകയുണ്ടായി.

മൂന്ന് ലക്ഷത്തിൽപ്പരം ആളുകളുടെ ജീവനോപാധി എന്ന നിലയിലും സാമ്പത്തിക മേഖലയിൽ സുപ്രധാന പങ്കുവഹിക്കുന്നതിനാലും രാജ്യത്തിന് വൻതോതിൽ വിദേശനാണ്യം നേടിത്തരുന്ന വ്യവസായമെന്ന നിലയിലും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിന് സഹായകരമായ വിധത്തിൽ ഇടപെടുന്ന ഒരു ഏജൻസി എന്ന നിലയിൽ കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് മുൻകൈയെടുക്കുന്നതാണ്. അതിന് സഭയുടെ പിന്തുണയും സഹകരണവും കൂടി അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇതുസംബന്ധിച്ച് സംസാരിച്ചപ്പോൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പ്രധാനമന്ത്രി പറഞ്ഞിട്ടുള്ളതുമാണ്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം തുടരുന്നതാണ്. അഖിലകക്ഷി നിവേദനം നൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(2) ജീവൻരക്ഷാ മരുന്നുകളുടെ വിലക്കയറ്റം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : അവശ്യ മരുന്നുകളുടേയും ജീവൻ രക്ഷാ മരുന്നുകളുടേയും വില കുത്തനെ ഉയർന്നിരിക്കുകയാണ്. സംസ്ഥാനത്ത് ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയവ ബാധിച്ച വരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിരിക്കുന്നു. ഹൃദയാഘാതത്തിനുള്ള മരുന്ന് പോലും വിപണിയിൽ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ചില മരുന്നുകൾ അപ്രത്യക്ഷമാകുന്നത് വില കൂട്ടാനുള്ള തന്ത്രമാണെന്ന് മനസ്സിലാക്കുന്നു. ഒരേ രോഗത്തിനുള്ള വിവിധ കമ്പനികളുടെ മരുന്നിന്റെ വിലയിൽത്തന്നെ വളരെയധികം വ്യത്യാസം കാണപ്പെടുന്നു. പുറത്തുനിന്നുള്ള കമ്പനികൾ മൊത്തക്കച്ചവടക്കാർക്കും നേരിട്ട്

വാങ്ങുന്നവർക്കും വില കുറച്ചു നൽകുന്നുണ്ട്. പല ഡോക്ടർമാരും പ്രിസ്ക്രൈബ് ചെയ്യുന്നത് വില കൂടിയ മരുന്നുകളാണ്. ഇതിനെതിരെ ശക്തമായ നടപടികൾ ഉണ്ടാകണം. വില നിശ്ചയിക്കുന്നത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. സംസ്ഥാന ഗവൺമെന്റിന് പരിമിതികളുണ്ടെങ്കിലും മിനിസ്ട്രി ഓഫ് പെട്രോളിയം ആന്റ് കെമിക്കൽസിന്റെ വില നിയന്ത്രണത്തിൻ കീഴിൽ എല്ലാ മരുന്നുകളും ഉൾപ്പെടുന്നില്ല. ഉൾപ്പെടുന്ന മരുന്നുകൾ തന്നെ പേരുമാറ്റി വിൽക്കുന്ന പ്രവണതയും ഉണ്ട്. ഡോക്ടർമാർ ആവശ്യത്തിൽ കൂടുതൽ മരുന്ന് എഴുതുന്ന പ്രവണത നിരുൽസാഹപ്പെടുത്തണം. ഡ്രഗ് ആഡിറ്റിംഗ്, ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ എന്നിവ എല്ലാ ആശുപത്രികളിലും ഉണ്ടാക്കണം. മരുന്നിന്റെ എം.ആർ.പി.യും കമ്പനി മൊത്തക്കച്ചവടക്കാർക്ക് നൽകുന്ന വിലയും തമ്മിലുള്ള അന്തരം സർക്കാർ പരിശോധിക്കേണ്ടതാണ്. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയവയ്ക്ക് വില കൂടിയ മരുന്നുകൾ കുറിച്ച് കൊടുക്കുന്നതിനെ സംബന്ധിച്ചും ഗുണമേന്മ നോക്കാതെ മരുന്നു കൾ കുറിച്ചുനൽകുന്നതിനെ സംബന്ധിച്ചും വ്യക്തമായി പഠിക്കാൻ കമ്മിറ്റി രൂപീകരിക്കണം. മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ തുടങ്ങാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള എല്ലാ അധികാരവും കേന്ദ്ര ഗവൺമെന്റിനാണ്. ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കാ നുള്ള ശ്രമം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നുണ്ട്. മരുന്നുകൾ ബ്രാന്റ് നെയിമുകൾക്ക് പകരം ജെനറിക് നെയിമുകളിൽ എഴുതി

ക്കൊടുക്കണമെന്നത് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ഈ സർക്കാർ രൂപീകരിച്ച മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിൽ തുച്ഛമായ വിലയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ഹൃദ്രോഗത്തിനും വൃക്കരോഗത്തിനും സപ്ളൈ ചെയ്ത മരുന്നുകളിൽ കൃത്രിമം നടത്തിയിട്ടുള്ളത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. പൊതുവായിട്ട് ഒരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ഉണ്ടാക്കാൻ വേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. ക്യാൻസറിനും, വൃക്കരോഗങ്ങൾക്കുമുള്ള മരുന്നുകൾ മിതമായ വിലയ്ക്ക് നൽകുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>പന്നിപ്പനി തടയുന്നതിനുള്ള മുൻകരുതലുകൾ</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> ലോകാരോഗ്യ സംഘടന മഹാവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ള പന്നിപ്പനി തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ.ശ്രീമതി ടീച്ചർ) :</u> പന്നിപ്പനിക്ക് എതിരായി നിരവധി നിരീക്ഷണ പ്രതിരോധ നടപടികൾ സർക്കാർ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. മൂന്ന് ഇന്റർനാഷണൽ വിമാനത്താവളങ്ങളിലും രോഗബാധിതരെ ഐഡന്റിഫൈ ചെയ്യാൻ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രിയിലും പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിലും ക്വാറന്റൈയിൻ സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ മെഡിക്കൽ ഓഫീസർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സേവനം ലഭ്യമാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കാൻ ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം ഉണ്ട്. രോഗബാധിതരെ ചികിൽസിക്കാൻ ആവശ്യമായ മരുന്നുകളും . വ്യക്തി സുരക്ഷ ഉപകരണങ്ങളും 3 എയർ പോർട്ടുകളിലുമുള്ള ക്വാറന്റൈയിൻ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. രോഗ നിർണ്ണയത്തിനുള്ള സ്രവം പരിശോധിച്ച് 24 മണിക്കൂറിനുള്ളിൽ ഫലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഇതുവരെ പന്നിപ്പനി കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(2) <u>പത്രസ്ഥാപനങ്ങൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ</u>

<u>ശ്രീ. കെ. സി. ജോസഫ്</u> : 8.6.2009-ലെ കരിദിനത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിൽ വ്യാപകമായി പത്ര ഓഫീസുകൾക്ക് നേരെ ആക്രമം നടക്കുകയുണ്ടായി. മലയാള മനോരമ, മാതൃഭൂമി, മംഗളം, രാഷ്ട്രദീപിക തുടങ്ങിയവയുടെ പത്രക്കെട്ടുകൾ ചുട്ടുകരിച്ചു. ജൂൺ മാസം 11-ാം തീയതി രണ്ട് കേന്ദ്ര മന്ത്രിമാരും രണ്ട് സംസ്ഥാന മന്ത്രിമാരും പങ്കെടുത്ത ചടങ്ങ് നടക്കുമ്പോഴാണ് രാഷ്ട്രദീപിക പത്രം കത്തിച്ചത്. മേയ് മാസം 15-ാം തീയതി മംഗളം പത്രം ഓഫീസ് ആക്രമിച്ച പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതില്ലെന്ന തീരുമാനമാണ് ഉണ്ടായിട്ടുള്ളത്. പത്രസ്ഥാപനങ്ങൾക്കെതിരെ അക്രമം നടത്തിയ പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : പത്ര സ്ഥാപനങ്ങൾക്കും മറ്റു മാധ്യമങ്ങൾക്കുമെതിരെ നടക്കുന്ന അക്രമങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഗവൺമെന്റ്

നിർദ്ദേശം കൊടുത്തിട്ടുണ്ട്. കരിദിനത്തോടനുബന്ധിച്ചല്ലാതെ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പത്രമാഫീസുകൾക്കും പത്ര പ്രവർത്ത കർക്കും നേരെയുണ്ടായ അക്രമങ്ങളിൽ പത്തുപേർക്കെതിരെ കേസ്സെടുത്തി ട്ടുണ്ട്. വിവിധ ജില്ലകളിലായി 17 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ഒമ്പത് കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തി ഒരോ കേസ്സിലേയും പ്രതികളെ പിടി കൂടാൻ ശ്രമിക്കുകയാണ്. കണ്ണൂർ തളിപ്പറമ്പിൽ രാഷ്ട്രദീപിക പത്രം നശിപ്പി ച്ചതിനെതിരെ രണ്ടുപേരെ അറസ്റ്റ് ചെയ്തു. മംഗളം ഓഫീസ് ആക്രമിച്ച 4 പ്രതികളെ ഇന്ന് പുലർച്ചെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തലശ്ശേരി മാതൃഭൂമി ഓഫീസ് ആക്രമിച്ച രണ്ട് പേരെയും തലശ്ശേരി മഞ്ഞോളിയിൽ നടന്ന സംഭ വത്തിൽ രണ്ട് പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പത്ര സ്ഥാപനങ്ങൾക്കും പത്ര പ്രവർത്തകർക്കും പൂർണ്ണ സംരക്ഷണം നൽകാൻ എല്ലാ നടപടിയും സ്വീകരിക്കും.

(3) <u>സർവ്വകലാശാല പരീക്ഷകളുടെ ഫലപ്രഖ്യാപനം</u>

<u>ശ്രീ. എം. ഹംസ</u> : സർവ്വകലാശാലകളിലെ പരീക്ഷാ ഫലങ്ങൾ പ്രഖ്യാപിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ ഏകീകൃത പരീക്ഷ കലണ്ടർ തയ്യാറാക്കാനാവശ്യമായ നടപടി ഉണ്ടാകണം. ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിലെ കാലതാമസവും ഒഴിവാക്കണം. സേ പരീക്ഷ സർവ്വകലാശാലകളിലും നടപ്പാക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> അധ്യയനം ഫലപ്രദവും ഗുണനിലവാരമുള്ളതുമാക്കുന്നതിനു പുറമേ പരീക്ഷകൾ സമയബന്ധിതമായി നടത്തി ഫലം പ്രസിദ്ധീകരിക്കുന്ന തിനായി വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചുചേർത്ത് കലണ്ടർ

തയ്യാറാക്കുന്നതിനും അത് നിർബന്ധമായും നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലാ പരീക്ഷകൾക്ക് സേ പരീക്ഷാ സമ്പ്രദായം നടപ്പാക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്.

(4) <u>പകർച്ചപ്പനി</u>

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, ഉള്ള്യേരി, കുറ്റ്യാടി, പേരാമ്പ്ര എന്നീ സി.എച്ച്.സി.-കളിൽ ആയിരക്കണക്കിന് പകർച്ചപ്പനി ബാധിതർ എത്തുന്ന സാഹചര്യത്തിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾക്കുപുറമേ ഓരോ സി.എച്ച്.സി.-യും കേന്ദ്രീകരിച്ച് പത്തോ പന്ത്രണ്ടോ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ആവശ്യമായ മരുന്ന്, വാഹനം എന്നിവയടങ്ങുന്ന സ്പെഷ്യൽ മെഡിക്കൽ സ്ക്വാഡുകൾ രൂപീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തണം. കൂടാതെ പനി ബാധിച്ച് ജോലിക്ക് പോകാൻ കഴിയാതെ ദാരിദ്ര്യമനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ നൽകാനുള്ള നടപടിയും സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> കോഴിക്കോട് ജില്ലയിലെ മലയോരമേഖലയിൽ പകർച്ചപ്പനി പ്രതിരോധിക്കുന്നതിനും രോഗബാധിതർക്ക് ചികിൽസ ലഭ്യമാക്കുന്നതിനും വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ്മാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും വോളന്ററി പ്രവർത്തകരുടെയും നേതൃത്വത്തിൽ ബോധവൽക്കരണപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നുണ്ട്.

പനി ബാധിതരെ ചികിൽസിക്കാനും പരിചരിക്കാനുമായി ഫീവർ വാർഡ് തുറക്കുകയും കൊതുകുനശീകരണത്തിനായി ഫോഗിംഗ് മെഷീനും കീടനാശിനികളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് 35 ഹൗസ് സർജൻമാരെയും സീനീയർ ഡോക്ടർമാരുമുൾപ്പെടെയുളളവരെയും നിയോഗിച്ച് പനിബാധിതപ്രദേശങ്ങളിൽ ക്യാമ്പുകൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ ആയുർവേദ/ഹോമിയോ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) <u>തോട്ടം തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി</u>

(ഈ വിഷയം സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥും നോട്ടീസ് നൽകിയിട്ടുണ്ട്)

<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u>: ബി.പി.എൽ. റേഷൻ കാർഡുടമകൾ, മൽസ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർക്കു നൽകുന്നതുപോലെ തോട്ടം തൊഴിലാളികൾക്കും രണ്ട് രൂപയ്ക്ക് അരി നൽകാനുളള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> സംസ്ഥാനത്തെ ബി.പി.എൽ, എ.എ.വൈ കുടുംബങ്ങൾക്കും എ.പി.എൽ. വിഭാഗത്തിൽ സർക്കാർ-തദ്ദേശഭരണസ്ഥാപനങ്ങൾ-സഹകരണസ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവരൊഴികെയുളള മൽസ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ്ഗ, ആശ്രയ പദ്ധതിയിലെ കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുന്ന കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതിക്കായി പ്രതിവർഷം 228 കോടി രൂപ സർക്കാരിന് സബ്സിഡി ഇനത്തിൽ നൽകേണ്ടി വരുന്നുണ്ട്.

കേരളത്തിലെ തോട്ടം തൊഴിലാളി കുടുംബങ്ങളെ പൂർണ്ണമായി ഈ പദ്ധതി യിൽ ഉൾപ്പെടുത്തണമെന്നുള്ളത് നയപരമായ കാര്യമായതിനാൽ പരിശോ ധിക്കേണ്ടതാണ്.

(6) പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

ശ്രീ. എ. പി. അനിൽകുമാർ: ഹയർസെക്കണ്ടറി പരീക്ഷയിൽ ഉയർന്ന മാർക്ക് ലഭിക്കുന്ന കുട്ടികൾക്കുപോലും പ്രവേശന പരീക്ഷയിൽ യോഗ്യത നേടാൻ കഴിയാത്ത സാഹചര്യത്തിൽ ഹയർ സെക്കണ്ടറി പരീക്ഷയുടെ മാർക്കുകൂടി പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിൽ മാനദണ്ഡ മാക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : പ്രവേശന പരീക്ഷാ സമ്പ്രദായം പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിൽ യോഗ്യതാ പരീക്ഷയുടെ മാർക്കിനുകൂടി വെയ്റ്റേജ് കൊടുക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാര ത്തോടുകൂടി മാത്രമേ ഇത് നടപ്പിലാക്കാൻ പറ്റുകയുള്ളൂ എന്നുള്ളതുകൊണ്ട് കൗൺസിൽ പ്രതിനിധികളുമായി ഇക്കാര്യം ചർച്ച ചെയ്തു. യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രമായി പ്രവേശനം നടത്തുന്ന തമിഴ്നാട് സർക്കാരിന്റെ നടപടിയെ സുപ്രീംകോടതി ചോദ്യം ചെയ്തിരിക്കുകയാണ്. യോഗ്യതാ പരീക്ഷയുടെ മാർക്കിനുകൂടി പ്രാധാന്യവും അംഗീകാരവും നൽകുന്ന തരത്തിൽ പ്രവേശന പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വ്യക്തമായ അറിവ് നൽകിക്കൊണ്ട് അടുത്ത വർഷം മുതൽ പുതിയ സമ്പ്രദായം പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

(7) പാവറട്ടിയിൽ ബസ് തൊഴിലാളിയെ മർദ്ദിച്ച സംഭവം

ശ്രീ. മുരളി പെരുനെല്ലി : രണ്ട് ദിവസം ജോലിക്ക് ഹാജരാകാത്തതിന് പാവറട്ടിയിലെ സ്കൂൾ ബസ് ജീവനക്കാരനും പട്ടികജാതിക്കാരനുമായ സുബ്രഹ്മണ്യനെ ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ക്രൂരമായി മർദ്ദിക്കുകയും പകുതി മീശയും താടിയും വടിച്ചുകളഞ്ഞ് അപമാനിക്കുംവിധത്തിൽ പെരുമാറുകയും ചെയ്ത ബസ് ഉടമയേയും കൂട്ടാളികളേയും മാതൃകാപരമായി ശിക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സുബ്രഹ്മണ്യനെ ദേഹോപദ്രവം ഏല്പിക്കുകയും താടിയും മീശയും പകുതിഭാഗം വടിച്ചുകളഞ്ഞ് വികൃതമാക്കുകയും ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ പീഡന വകുപ്പ് ഉൾപ്പെടെ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം പാവറട്ടി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരിക്കുകയാണ്. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(8) കൽപ്പകഞ്ചേരിയിൽ വീട്ടമ്മയെ മർദ്ദിച്ച് കവർച്ച നടത്തിയ സംഭവം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : കൽപ്പകഞ്ചേരി പഞ്ചായത്തിൽ തവളഞ്ചിന എന്ന സ്ഥലത്ത് വൃദ്ധയെ കെട്ടിയിടുകയും 43 വയസ്സ് പ്രായമുള്ള വീട്ടമ്മയെ മർദ്ദിച്ച് മാനഭംഗപ്പെടുത്തി സ്വർണ്ണാഭരണങ്ങൾ കവർന്നെടുക്കുകയും ചെയ്ത സംഭവത്തിലെ പ്രതികളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കല്പകഞ്ചേരി പാറക്കുന്ന് വീട്ടിൽ താമസിക്കുന്ന മറിയം എന്ന സ്ത്രീയുടെ വീട്ടിൽ അതിക്രമിച്ചുകയറി സുബൈദ എന്ന സ്ത്രീയെ രണ്ടുപേർ ചേർന്ന് ബലാത്സംഗം ചെയ്യുകയും സ്വർണ്ണാഭരണങ്ങൾ കവർന്നെടുക്കുകയും ചെയ്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളുടെ രേഖാചിത്രം തയ്യാറാക്കുകയും സമീപത്തെ മൊബൈൽ ടവർവഴിയുള്ള സംഭാഷണമടക്കം പരിശോധിക്കുകയും ഫിംഗർ പ്രിന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയും ചെയ്തുകൊണ്ട് അന്വേഷണം നടത്തിവരികയാണ്. മലപ്പുറം പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അനന്തര നടപടികൾ സ്വീകരിക്കാൻ പ്രത്യേക നിർദ്ദേശം കൊടുക്കുന്നതാണ്.

(9) സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീമതി പി. അയിഷാ പോറ്റി : ആവശ്യത്തിന് ലബോറട്ടറി എക്യുപ്മെന്റ്സും ക്വാളിഫൈഡ് സ്റ്റാഫും ഇല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ, മറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ ഗുണനിലവാരമോ ജീവനക്കാരുടെ യോഗ്യതയോ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പിൽ യാതൊരു സംവിധാനവുമില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി കൊടുക്കുമ്പോൾതന്നെ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്. ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലാണ്.

(10) നാലാം ക്ലാസ്സിലെ അദ്ധ്യാപക പഠനസഹായിയിലെ തെറ്റുകൾ

ശ്രീ. എം. ഉമ്മർ: നാലാം ക്ലാസ്സിലെ പരിസ്ഥിതി പഠനത്തിന്റെ അധ്യാപക പഠന സഹായിയിൽ ഗുരുതരമായ തെറ്റുകൾ കടന്നുകൂടിയതിനെക്കുറിച്ച് പരിശോധിക്കാനും മേലിൽ ഇത് ആവർത്തിക്കാതിരിക്കാനും എസ്.സി.ഇ.ആർ.ടി.-യെ നിയന്ത്രിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): നാലാം ക്ലാസ്സിലെ പരിസ്ഥിതി പഠനത്തിന്റെ അധ്യാപക പഠന സഹായിയിൽ തെറ്റുകൾ കണ്ടെത്തിയത് വിവാദമാകുന്നതിനുമുമ്പുതന്നെ ഒരു അദ്ധ്യാപിക അത് കണ്ടുപിടിച്ച് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അടിയന്തിരമായി ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. വളരെ അപകടകരമായ അർത്ഥം ദ്യോതിപ്പിക്കുന്ന തരത്തിലുള്ള ഈ തെറ്റ് കണ്ടുപിടിച്ച അദ്ധ്യാപികയ്ക്ക് പാരിതോഷികം നൽകുക മാത്രമല്ല എസ്.സി.ഇ. ആർ.ടി. യിൽ ഇതുമായി ബന്ധപ്പെട്ട് ഉത്തരവാദിത്തമുള്ളവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ഇനി എന്തെങ്കിലും കാരണങ്ങൾ ഇതിന്റെ പിന്നിലുണ്ടോ എന്ന് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എന്തെങ്കിലും അന്വേഷണത്തിന്റെ ആവശ്യമുണ്ടോയെന്ന് ആഭ്യന്തരവകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## (11) കടാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. പി. വിശ്വൻ: മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കാലതാമസം ഒഴിവാക്കി ലഭ്യമാക്കുന്നതിനുള്ള. അടിയന്തിര നടപടിയുണ്ടാകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അനിവാര്യമായ സമയവിനിയോഗമല്ലാതെ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയം വേണമെന്നുള്ളതിനാൽ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് വിവിധ ധനകാര്യ സ്ഥാപനങ്ങളുൾപ്പെടെ തുടർന്നുവരുന്ന റിക്കവറി, ജപ്തി നടപടികൾക്ക് സർക്കാർ എർപ്പെടുത്തിയ മൊറട്ടോറിയത്തിന്റെ കാലാവധി 2–5–09 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട് കടാശ്വാസം ലഭിക്കുന്നതിന് മത്സ്യത്തൊഴിലാളികളുടെ വ്യക്തിഗത വാർഷിക വരുമാന പരിധി അറുപതിനായിരം രൂപയായും വാർഷിക കുടുംബ വരുമാന പരിധി രണ്ട് ലക്ഷം രൂപയായും നിശ്ചയിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് അർഹമായ കടാശ്വാസം നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികളുമായി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം മുന്നോട്ടുപോവുകയാണ്. സോഫ്ട്വെയർ സംവിധാനം പൂർത്തിയാകുന്നതോടുകൂടി കടാശ്വാസ കമ്മിഷൻ പൂർണ്ണമായ തോതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

(12) പഴശ്ശി അണക്കെട്ടിന്റെ നവീകരണം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: കണ്ണൂർ ജില്ലയിലെ 12 കുടിവെള്ള പദ്ധതികൾകളുടേയും ജപ്പാൻ കുടിവെള്ള പദ്ധതിയുടേയും കണ്ണൂർ എയർപോർട്ടിന്റേയും ജലസ്ത്രോതസ്സായ പഴശ്ശി അണക്കെട്ടിന്റെ ഷട്ടറുകളെല്ലാം ചോർന്നൊലിക്കുന്നതിനാൽ വേനൽക്കാലത്ത് ജില്ലയിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. ഈ അണക്കെട്ടിന്റെ ചോർച്ച തടയുന്നതിന് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഹെഡ് വർക്സും മെയിൻ കനാലും നവീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പഴശ്ശി പദ്ധതി യുടെ റീ-വാമ്പിംഗിനുവേണ്ടി 40 കോടി രൂപയുടെ ഒരു പ്രത്യേക പ്രോജക്ട് ഉണ്ടാക്കിയിരുന്നു. ഹെഡ് വർക്സ്, മെയിൻ കനാൽ എന്നീ രണ്ട് വിഭാഗങ്ങ ളിലായി 20 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റ് ഇപ്പോൾ തയ്യാറാക്കിയി ട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ മാത്രമാണ് വകയിരു ത്തിയിട്ടുള്ളത്. മലബാർ പാക്കേജിൽ പഴശ്ശി അണക്കെട്ടിന്റെ നവീകരണം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കണമെന്ന് 12-6-09 ന് കണ്ണൂരിൽ ചേർന്ന പഴശ്ശി ജലസേചന പദ്ധതിയുടെ അവലോകന യോഗത്തിൽ ധാരണയായിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചുകൊണ്ട് സാദ്ധ്യ മാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ,
ആസ്ഥാന ഉദ്യോഗസ്ഥന്മാർ (143,25,92,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ.പി. അനിൽ കുമാർ, എം.എ. വാഹീദ്, കെ.ശിവദാസൻ നായർ, തേറമ്പിൽ രാമകൃഷ്ണൻ, എം.മുരളി, ബി. ബാബു പ്രസാദ്, വർക്കല കഹാർ, കെ.സി. ജോസഫ്, ജോർജ് മേഴ്സിയർ, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, എൻ.ശക്തൻ. അടൂർ പ്രകാശ്, സി.പി. മുഹമ്മദ്, സി.ടി. അഹമ്മദ് അലി, കെ. കുട്ടി

അഹമ്മദ്കുട്ടി, അബ്ദുറഹിമാൻ രണ്ടത്താണി, ജോസഫ് എം. പുതുശ്ശേരി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഭരണഘടനയെ പിച്ചിച്ചീന്തുന്ന നടപടികൾ സ്വീകരിക്കുന്ന ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ അർഹതയില്ല. ഗവർണ്ണറുടെ അധികാരത്തെക്കുറിച്ച് ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിനെയും മുഖ്യമന്ത്രിയെയും മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മറ്റ് മന്ത്രിമാരെയും നിയമിക്കുന്ന ഗവർണ്ണർക്കെതിരെ പ്രക്ഷോഭവും സമരവും നടത്തുന്നത് ശരിയല്ല. ഭരണഘടനയിലെ ആർട്ടിക്കിൾ 163 (2) പ്രകാരം ഒരു കേസിൽ ഗവർണ്ണർ വിവേചനാധികാരം വിനിയോഗിച്ചതിനെയാണ് സർക്കാർ ചോദ്യം ചെയ്തിരിക്കുന്നത്. 2004-ലും 2009-ലും വന്ന സുപ്രിം കോടതി വിധിയിൽ പറയുന്നത് ഒരു ക്രിമിനിൽ ഒഫൻസ്സിൽ ചാർജ് വന്ന വ്യക്തിക്ക് പ്രൊട്ടക്ഷൻ കൊടുക്കരുത് എന്നാണ്. മറ്റ് സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ ചെയ്തതുപോലെ കേരളത്തിലെ ഗവർണ്ണറും വിവേചനാധികാരം വിനിയോഗിച്ചതിൽ അൽഭുതമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. സംസ്ഥാനത്ത് ഭരണഘടനാ പ്രതിസന്ധി നിലനിൽക്കുകയാണ്. ഗവർണ്ണർ പ്രോസിക്യൂഷന് സാംങ്ഷൻ കൊടുത്തതിലൂടെ ഭരണഘടനാ ബാധ്യത നിറവേറ്റുകയാണ് ചെയ്തത്. ജനാധിപത്യത്തിന്റെ മാനദണ്ഡം ഉയർത്തിപ്പിടിച്ചുകൊണ്ട് ഗവർണ്ണർ എടുത്ത തീരുമാനം ശരിയാണ്. ഗവർണ്ണർക്കെതിരെ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിൽ നിന്ന് ഗവൺമെന്റ് പിൻമാറണം.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. നാടിനും ജനങ്ങൾക്കും വേണ്ടി ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്ത ഒരു

ഗവൺമെന്റാണിത്. ലാവ്ലിൻ കേസിൽ ശ്രീ. ജി. കാർത്തികേയന്റെ പങ്കിനെക്കുറിച്ച് പുനരന്വേഷണം നടത്തണമെന്ന് വിജിലൻസ് കോടതി വിധിച്ചിരിക്കുകയാണ്. ലാവ്ലിൻ പ്രശ്നത്തിൽ സി.പി.ഐ(എം) സെക്രട്ടറി ശ്രീ. പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യണമെന്ന സി.ബി.ഐ നിലപാടിനെ അടിസ്ഥാനമാക്കിയാണ് ഇവിടെ വാദഗതികൾ ഉന്നയിക്കുന്നത്. ഈ പ്രശ്നത്തിൽ അഴിമതി ഉണ്ടായിട്ടുണ്ടോ എന്ന് തീരുമാനിക്കേണ്ടത് സി.ബി.ഐ അല്ല കോടതിയാണ്. സി.പി.ഐ.(എം) ഈ കേസ് നിയമപരമായും രാഷ്ട്രീയമായും നേരിടും. പൂർണ്ണ വിചാരണയ്ക്ക് ശേഷം ശ്രീ. പിണറായി വിജയൻ കുറ്റവിമുക്തനായി തിരിച്ചുവരും. 1996–ലെ ഗവൺമെന്റ് 1087 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ച് കേരളത്തെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് നയിക്കുകയാണുണ്ടായത്.ആണവ കരാറിനെതിരെ സി.പി.ഐ(എം) എടുത്ത നിലപാടിനെതിരെയാണ് ലാവ്ലിൻ കേസ് കൊണ്ടുവന്നത്. ഗവർണ്ണറെ പ്രതിപക്ഷം റബ്ബർ സ്റ്റാമ്പാക്കി ഉപയോഗിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന് പ്രസക്തിയില്ലെന്ന വാദം ശരിയല്ല. ലാവ്ലിൻ പ്രശ്നം ഉയർത്തിക്കാട്ടിയാണ് യു.ഡി.എഫ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-ന് സീറ്റ് കുറഞ്ഞുവെങ്കിലും അര ശതമാനം വോട്ടുപോലും കുറഞ്ഞിട്ടില്ല. വൻകിട എണ്ണ കമ്പനികളെ സഹായിക്കാനായി കേന്ദ്ര ഗവൺമെന്റ് ഡീസലിനും പെട്രോളിനും വില കൂട്ടാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാനും തീരുമാനിച്ചിരിക്കുകയാണ്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില ബാരലിന് 144 ഡോളറായിരുന്നത് 34 ഡോളറായി കുറഞ്ഞിട്ടും ഇൻഡ്യയിൽ വില കുറയ്ക്കാതെ എണ്ണക്കമ്പനികളെ സഹായിക്കുന്ന ഒരു

നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. വിദേശ മാർക്കറ്റിൽ എണ്ണ വില കൂടിയ സാഹചര്യത്തിൽ ഇൻഡ്യയിലും വില വർദ്ധിപ്പിക്കാൻ പോകുകയാണ്. അങ്ങനെ വില വർദ്ധിപ്പിക്കാവുന്ന വിധത്തിൽ വിദേശ വിപണിയിൽ എണ്ണയുടെ വില കൂടിയിട്ടില്ല. രാജ്യത്തെ ജനങ്ങളുടെ മേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നതിനുള്ള ഒരു നടപടിയാണിത്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് മുടങ്ങിപ്പോയ റോഡുകളുടേയും പാലങ്ങളുടേയും പണി പുനരാരംഭിച്ചത് ഈ സർക്കാരാണ്. തിരുവനന്തപുരം നഗര വികസനവുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാതെ വർക്ക് ടെൻഡർ ചെയ്ത് മുടങ്ങിക്കിടന്നിരുന്ന പണികൾ അടുത്ത ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നത്. സ്മാർട്ട് സിറ്റി നടപ്പാക്കാനുള്ള നടപടികളാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. സർക്കാരിന്റെ വ്യവസ്ഥകൾക്ക് വിധേയമായി സ്മാർട്ട് സിറ്റി നടപ്പിലാക്കാൻ ദുബായ് കമ്പനി തയ്യാറായില്ലെങ്കിൽ ആ കമ്പനിയെ മാറ്റി മറ്റേതെങ്കിലും കമ്പനിയെ പണി ഏൽപ്പിക്കണം. യു.ഡി.എഫ്. സൂം കമ്പനിയെക്കൊണ്ട് കോടതിയിൽ കേസ് കൊടുപ്പിച്ച് വിഴിഞ്ഞം ഹാർബറിന്റെ പണി തടസ്സപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് ഇനിയുള്ള രണ്ട് വർഷത്തിനുള്ളിൽ ഒരു വികസന പ്രവർത്തനവും നടത്താതിരിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. കണ്ണൂരിൽ ഇന്റർനാഷണൽ എയർപോർട്ട് സ്ഥാപിക്കുന്നതിനായി ഈ സർക്കാർ ആയിരം ഏക്കർ ഭൂമി ഏറ്റെടുത്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 80 കോടി രൂപയുടെ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ 160 കോടി രൂപയുടെ ലാഭത്തിലെത്തിച്ചു. ബാക്കിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി

മുന്നോട്ട് കൊണ്ടുവരാൻ പോകുന്നു. ക്രമസമാധാന പാലനത്തിന്റെ കാര്യത്തിലും ഈ സർക്കാർ സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. യു.ഡി.എഫ്. ഭരണകാലത്ത് ഗുണ്ടകളുടെ അഴിഞ്ഞാട്ടമാണ് നടന്നിരുന്നതെങ്കിൽ ഇപ്പോൾ ഗുണ്ടകളെ മുഴുവൻ ജയിലിലാക്കി യിരിക്കുകയാണ്. ക്രമസമാധാന രംഗത്തും വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിലും ഈ സർക്കാർ നേട്ടം കൈവരിച്ചിരിക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ച് ഐക്യ ജനാധിപത്യ മുന്നണിയെ തകർക്കാൻ ശ്രമിച്ച സി.പി.എം.-ന് മതേതര വിശ്വാസികൾ കൊടുത്ത ശിക്ഷയാണ് അവർക്കേറ്റ കനത്ത പരാജയം. ഇവിടെ കമ്മ്യൂണിസ്റ്റ് അപചയം വന്നുകൊണ്ടിരിക്കുകയാണ്. ജനകീയ പ്രശ്നങ്ങളിൽനിന്ന് ഈ സർക്കാർ ഒളിച്ചോടുകയാണ്. ശംഖുംമുഖത്ത് യാതൊരു മുന്നറിയിപ്പും ഇല്ലാതെ നടന്ന പോലീസ് വെടിവയ്പ്പിൽ നിരപരാധികളായ 6 പേർ കൊല്ലപ്പെട്ടു. നിരവധിപേർ ജീവച്ഛവങ്ങളായി. സമാനതകളില്ലാത്ത ഒരു ദുരന്തമാണ് ഈ ഗവൺമെന്റ് മൂന്നാം വാർഷിക ത്തിൽ ജനങ്ങൾക്ക് നൽകിയത്. കേരളത്തിലെ വിദ്യാഭ്യാസരംഗം ആകെ തകർന്നിരിക്കുന്നു. അലിഗഡ് മുസ്ലീം സർവകലാശാലയുടെ ഓഫ് കാമ്പസ് സ്ഥാപിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ പോലും ഇതുവരെ സാധിച്ചിട്ടില്ല. പ്രവാസികളെ ദാരിദ്ര്യ രേഖയ്ക്ക് മുകളി ലാക്കാനുള്ള നീക്കത്തിൽനിന്ന് ഗവൺമെന്റ് പിന്തിരിയണം. സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരിച്ചതിലൂടെ ജീവനക്കാരെ വഞ്ചിച്ചിരിക്കുകയാണ്. ഫലത്തിൽ നിയമനനിരോധനം സംജാതമായിരി

ക്കുന്നു. പ്രൊമോഷൻ ലഭിക്കാത്തവർക്ക് കേഡർ പ്രൊമോഷൻ കൊടുക്കുമെന്ന പാഴ്‌വാക്കിലൂടെ പെൻഷൻകാരുടെ ഏകദേശം 3500 കോടി രൂപ തിരിമറി നടത്താൻ മാത്രമേ കഴിയൂ. തൊഴിൽ മേഖലയടക്കം എല്ലാ മേഖലകളും തകർന്നിരിക്കുന്നു. ഐ.ടി മേഖലയെ സാമ്പത്തിക മാന്ദ്യം ബാധിച്ചിരിക്കുന്നു. പല പദ്ധതികളും പ്രഖ്യാപനങ്ങളിലും തറക്കല്ലിടലിലും മാത്രം ഒതുങ്ങിനിൽക്കുകയാണ്. സ്മാർട്ട് സിറ്റി കരാർ ഒപ്പിടാൻ തുടക്കം കുറിച്ചത് കഴിഞ്ഞ യു.ഡി.എഫ് സർക്കാരായിരുന്നു. കിൻഫ്രായുടെ ഭൂമി സ്വതന്ത്ര വിനിയോഗ അവകാശം നൽകാൻ കഴിയുന്നവിധം ടീകോമിന് പതിച്ചു നൽകിയതിലെ അപാകത പരിശോധിക്കണം ഈ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടിരിക്കുന്നു. വർക്കുകളെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് ഇതുവരെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. കൊച്ചി മെട്രോ റെയിലിന്റെ കാര്യത്തിൽ പ്ലാനിംഗ് ബോർഡ് പ്ലാനിംഗ് കമ്മീഷനുമായി ചർച്ച പോലും നടത്തിയിട്ടില്ല. സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കാനെന്നപേരിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് വിദ്യാഭ്യാസ മേഖലയെ അവതാളത്തിലാക്കും. പ്രഖ്യാപിക്കപ്പെട്ട ഭൂബാങ്കിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ചെങ്ങറ സമരത്തിന് ഇതുവരെ പരിഹാരമായിട്ടില്ല. അടിസ്ഥാനവർഗ്ഗത്തോടുള്ള ഈ ഗവൺമെന്റിന്റെ സമീപനം ദയനീയമാണ്. 3642.42 കോടി രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് നഷ്ടപ്പെട്ടു. 2005-ൽ ഏറ്റവും നല്ല നിക്ഷേപ സൗഹൃദ സംസ്ഥാനമായിരുന്ന കേരളത്തിന്റെ നിക്ഷേപം ഇന്ന് വെറും 43 കോടി രൂപമാത്രമാണ്. കഴിഞ്ഞ 3 വർഷക്കാലം കേരളത്തിന്റെ ഭരണരംഗത്ത് ഒന്നും ചെയ്യാൻ കഴിയാത്ത ഈ ഗവൺമെന്റിന്റെ നീക്കങ്ങൾ കേരളീയ സമൂഹം തിരിച്ചറിഞ്ഞുകൊണ്ടിരി

ക്കുകയാണ്. കൂട്ടുത്തരവാദിത്വവും പരസ്പര വിശ്വാസവുമില്ലാത്ത ഒരു ഗവൺമെന്റാണ് സംസ്ഥാനം ഭരിക്കുന്നത്.

<u>ശ്രീ. കെ. രാജു</u>: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു സംസ്ഥാന ഭരണത്തലവനായ ഗവർണ്ണർ ഭരണഘടന അനുശാസിക്കുന്ന പ്രകാരം ജനാധിപത്യ സംവിധാനത്തിന് യോജിക്കുന്ന വിധത്തിൽ വിവേചനാധികാരം ഉപയോഗിക്കണം. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിൽവന്ന ഒരു മന്ത്രിസഭ ഏതെങ്കിലും കാര്യത്തിൽ തീരുമാനമെടുത്ത് റാറ്റിഫിക്കേഷനുവേണ്ടി ഗവർണ്ണർക്ക് അയച്ചാൽ അത് അംഗീകരിക്കുക യാണ് വേണ്ടത്. അങ്ങനെ ചെയ്യാതിരിക്കുന്നത് ജനാധിപത്യസ്വഭാവത്തിന് വിരുദ്ധമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ നവരത്ന വ്യവസായ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കാനും എൽ.ഐ.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനും തീരുമാനിക്കുകവഴി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ആശയങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് നടപ്പാക്കാൻ പോകുന്നതെങ്കിൽ ജനങ്ങൾ ഈ നിലപാടിനെതിരെ ശക്തമായി പ്രതികരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഇടതുപക്ഷ കക്ഷികളുടെ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായി കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് 100 ദിവസം തൊഴിൽ വാഗ്ദാനം ചെയ്യുന്ന തൊഴിലുറപ്പ് പദ്ധതി കോമൺ മിനിമം പ്രോഗ്രാമിൽ ഉൾപ്പെടുത്തി സാധാരണക്കാർക്ക് അനുഗുണമാക്കാൻ കഴിഞ്ഞു. മറ്റ് സംസ്ഥാന ങ്ങളിൽനിന്ന് വ്യത്യസ്തമായി അഴിമതി രഹിതമായാണ് കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത്. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനത്ത് നിലവിലുള്ളത്. അടുത്ത മൂന്ന്വർഷം കൊണ്ട്

സംസ്ഥാനം മിച്ച ബഡ്ജറ്റിലേയ്ക്ക് എത്തിച്ചേരുമെന്ന കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്.

ശ്രീ.കെ.എം. മാണി: ധനാഭ്യർത്ഥനയെ എതിർക്കുന്നു. തെരഞ്ഞെടുപ്പു പരാജയത്തിന്റെ പാഠം ഉൾക്കൊള്ളാൻ ശ്രമിക്കാതെ തെറ്റുകൾ ആവർത്തിച്ച് മുന്നോട്ടുപോകുന്ന സർക്കാരാണിത്. സംസ്ഥാനമൊട്ടാകെ ഗുണ്ടാ സംഘങ്ങൾ വിഹരിക്കുന്ന കാഴ്ചയാണുള്ളത്. കൂട്ടുത്തരവാദിത്വം നഷ്ട പ്പെട്ട ഈ ഗവൺമെന്റിന് മുന്നോട്ട് പോകാൻ സാധിക്കുയില്ല എന്നതിനാൽ ബഡ്ജറ്റ് ചർച്ചയുടെ പ്രസക്തി നഷ്ടപ്പെടുകയാണ്. ഹൈക്കോടതി മാൻഡേറ്റ് ധിക്കരിച്ച് തൃശ്ശൂരിൽ രണ്ട് മെഡിക്കൽ കോളേജുകൾക്കും രണ്ട് എഞ്ചിനീ യറിംഗ് കോളേജുകൾക്കും എതിരായി കോഴിക്കോട് സർവ്വകലാശാല നടപടികൾ സ്വീകരിച്ചത് പ്രതിഷേധാർഹമാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണ കാലയളവിനുള്ളിൽ ഈ സർക്കാർ കൊണ്ടുവന്ന സ്വാശ്രയ നിയമവും കർഷക കടാശ്വാസ നിയമവും നോക്കുകുത്തികളായി. സ്മാർട്ട് സിറ്റി പദ്ധതി ഇനിയും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. കുട്ടനാട്-ഇടുക്കി പാക്കേജുകൾ ഫലമില്ലാതെപോയി. വികസന പ്രവർത്തനങ്ങൾ സ്തംഭനാവ സ്ഥയിലാണ്.

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ കാലയളവിൽ മികച്ച ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ സാധിച്ചു. പാർലമെന്ററി ജനാധിപത്യ ത്തിൽ ദുർബല സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും ജനാധിപത്യ മര്യാദ കൾക്ക് യോജിച്ചതല്ല. നമ്മുടെ രാജ്യത്തിന്റെ ഫെഡറലിസവും ജനാധിപത്യവും പൂർണ്ണമാകണമെങ്കിൽ നികുതി വിഹിതത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്ക് നൽകണം. എന്നാൽ സംസ്ഥാനങ്ങളുടെ

നിലനിൽപ്പിന് ആവശ്യമായ ധനസഹായം നൽകാതെ പൂർണ്ണമായി അവഗണിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും വെവ്വേറെ കാണുന്നത് ഫെഡറൽ ഭരണ സംവിധാനത്തിന് അനുയോജ്യമല്ല. കേരളത്തിലെ മാധ്യമങ്ങൾ അനാവശ്യമായ കാര്യങ്ങൾക്ക് വലിയ വാർത്താപ്രധാന്യം നൽകുകയും ജനങ്ങളുടെ ശ്രദ്ധയിൽ വരേണ്ട ജനാധിപത്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തമസ്ക്കരിക്കുകയും ചെയ്യുന്നു. ലാവ്ലിൻ കേസ്സിൽ മാധ്യമങ്ങൾ വസ്തുതാപരമായി കാര്യങ്ങൾ കാണാൻ ശ്രമിച്ചിട്ടില്ല. സി.ബി.ഐ. രാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കേണ്ട സംവിധാനമാണ്. സംസ്ഥാനത്തിന്റെ വികസനം മുന്നിൽകണ്ടുകൊണ്ടാണ് ലാവലിൻ കരാറുമായി അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോയത്. ഉത്തരവാദപ്പെട്ട സ്ഥാനം വഹിക്കുന്ന രാഷ്ട്രീയ നേതാക്കൾക്കെതിരെ യാതൊരു തെളിവുമില്ലാതെ പ്രതിപക്ഷം ആരോപണങ്ങൾ ഉന്നയിക്കുന്നത് ജനാധിപത്യത്തിന് യോജിച്ചതല്ല. എൻ.ഡി.എഫ്. പോലുള്ള തീവ്രവാദ സംഘടനകൾക്കെതിരെ ശക്തമായ സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എക്കാലവും സ്വീകരിച്ചിട്ടുള്ളത്. ജനക്ഷേമകരമായ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ സർക്കാർ അടുത്ത രണ്ടുവർഷംകൊണ്ട് ധാരാളം വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കും.

ശ്രീ. ടി. യു. കുരുവിള : ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. പരമാവധി വികസന പ്രവർത്തനങ്ങൾക്ക് ഈ വർഷം തുടക്കംകുറിക്കുന്നതിന് ധനകാര്യ-പൊതുമരാമത്ത് വകുപ്പുകൾ എടുത്ത തീരുമാനം സ്വാഗതാർഹമാണ്. കഴിഞ്ഞ 35 വർഷമായി തുടർന്നുവരുന്ന പി.ഡബ്ള്യു.ഡി. മാനുവലിലെ പോരായ്മകൾ പരിഹരിക്കാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

ഈ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി ഇ-ടെണ്ടർ സിസ്റ്റം നടപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. റോഡ് പണിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വികസനനയത്തിന് രൂപം നൽകി. ക്വാളിറ്റി കൺട്രോളിനുവേണ്ടി ഓരോ ജില്ലയിലും സബ് ഡിവിഷന് രൂപം നൽകാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. രാഷ്ട്രീയഭേദമന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലും റോഡ് വികസനത്തിനായി രണ്ടു കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയതും ഹിൽ ഹൈവേയുടെ നിർമ്മാണത്തിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ 40 കോടി രൂപ ഉൾപ്പെടുത്തിയതും മുടങ്ങിക്കിടക്കുന്ന 245-ഓളം വികസന പദ്ധതികൾ പൂർത്തീകരിക്കാനായി ഗവണ്മെന്റിന് കൂടുതൽ ബാധ്യതകൾ വരാത്ത രീതിയിൽ പുതിയ ബ്രിഡ്ജസ് ഡിവിഷൻ രൂപീകരിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. വർക്കുകളുടെ നടത്തിപ്പിലുള്ള കാലതാമസം ഒഴിവാക്കാൻ ലാൻഡ് അക്വിസിഷൻ പൂർത്തിയാകാതെ ടെണ്ടർ വിളിക്കരുത് എന്ന വ്യവസ്ഥയിൽ അയവു വരുത്തണം. വർക്കുകളുടെ ഡിസൈൻ ചെയ്തു കിട്ടുന്നതിലുള്ള കാലതാമസം ഒഴിവാക്കാനായി മൂന്ന് മേഖലകളിലായി ആർക്കിടെക്ച്ചർ സെക്ഷനുകൾ ആരംഭിക്കണം. മരാമത്ത് പണികളുടെ പുരോഗതിയും ക്വാളിറ്റിയും എല്ലാ മാസവും റിവ്യൂ ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

**ക്രമപ്രശ്നം**

<u>ഉദ്യോഗസ്ഥഗ്യാലറിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം</u>

<u>ശ്രീ. സി.പി. മുഹമ്മദ്:</u> പൊതുഭരണവകുപ്പിന്റെ ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ച നടക്കുന്ന വേളയിൽ ഉദ്യോഗസ്ഥരായ ചീഫ് സെക്രട്ടറിയോ

പൊതുഭരണവകുപ്പു സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ ഗ്യാലറിയിൽ ഇല്ല. ഇക്കാര്യത്തിൽ ചെയറിന്റെ ശക്തമായ റൂളിംഗ് വേണം.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ കീഴ്വഴക്കമനുസരിച്ച് ഇത്തരം ചർച്ചകൾ നടക്കുമ്പോൾ നിർബന്ധമായും ഉദ്യോഗസ്ഥർ സഭയിൽ ഉണ്ടായിരിക്കേണ്ടതാണ്.

ശ്രീ. എ. എ. അസീസ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വികസന പ്രവർത്തനങ്ങൾ മാതൃകാപരമായി നടപ്പാക്കുന്ന ഒരു ഗവണ്മെന്റാണിത്. ഗവണ്മെന്റിന്റെ സൽപ്പേരിനെ കളങ്കപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് യു.ഡി.എഫ്. നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രത്തിൽ അധികാരത്തിൽ വന്ന കോൺഗ്രസ് ഗവണ്മെന്റ് ജനദ്രോഹ പ്രവർത്തികൾക്കാണ് മുൻഗണന കൊടുക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിക്കാനും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ സൂക്ഷിപ്പ് സ്വകാര്യബാങ്കുകളെ ഏൽപ്പിക്കാനും തീരുമാനമെടുത്തിരിക്കുകയാണ് കേരളത്തിലെ എ.പി.എൽ. വിഭാഗങ്ങൾക്കുള്ള അരിവിഹിതം വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കാൻ കേന്ദ്ര ഭക്ഷ്യസഹമന്ത്രിയോട് ആവശ്യപ്പെടാൻ പ്രതിപക്ഷം തയ്യാറാകണം. ധനസ്ഥിതി സംബന്ധിച്ച് സർവ്വകാല റിക്കാർഡാണ് കേരളാ ഗവൺമെന്റിനുള്ളത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ദിവസംപോലും ട്രഷറി പൂട്ടേണ്ടി വന്നിട്ടില്ല. ഈ ഗവണ്മെന്റിന്റെ പ്രഖ്യാപിത നയമനുസരിച്ചുള്ള വികസനപ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പാക്കുന്നത്. ബി.പി.എൽ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും അവശത അനുഭവിക്കുന്നവർക്കും രണ്ടുരൂപയ്ക്ക് അരി നൽകുമെന്നുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കിയ ഗവൺമെന്റാണിത്.

ഗവർണ്ണർക്ക് ഭരണഘടനാപരമായി പ്രത്യേക വിവേചനാധികാരം ഉണ്ടെങ്കിലും അത് ജനാധിപത്യ സംവിധാനത്തിൽക്കൂടി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് വഴിയായിരിക്കണം വിനിയോഗിക്കേണ്ടത്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. സി.എം. ദിനേശ് മണി : ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 26 ലക്ഷത്തോളംവരുന്ന ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾക്ക് 2 രൂപയ്ക്ക് അരിയും ഗോതമ്പും നൽകാനുള്ള തീരുമാന മെടുത്തു. കർഷക ആത്മഹത്യ ഇല്ലാതാക്കി. എല്ലാ വിഭാഗങ്ങൾക്കും പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകി. നെല്ല് ഉല്പാദനം വർദ്ധിപ്പിച്ചു. ഭക്ഷ്യ സുരക്ഷയെ മുൻനിറുത്തിക്കൊണ്ടുള്ള സമർത്ഥമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഐ.ടി. രംഗത്ത് ഉജ്ജ്വലമായ വളർച്ച കൈവരിക്കാനും പൂട്ടിക്കിടന്ന വ്യവസായശാലകൾ തുറന്നുപ്രവർത്തിപ്പിക്കാനും നഷ്ടത്തിലാ യിരുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും സാധിച്ചിട്ടുണ്ട്. പാലക്കാട് കോച്ച് ഫാകടറിയുടെ സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ടു പോകുകയാണ്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ സങ്കീർണ്ണതകളും എൽ.എൻ.ജി. പദ്ധതിയുടെ തടസ്സങ്ങളും നീക്കി. മത്സ്യ ത്തൊഴിലാളികളുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും കടാ ശ്വാസ നിയമവും പലിശരഹിത വായ്പാ സമ്പ്രദായവും നടപ്പിലാക്കുകയും ചെയ്തു. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി. ക്രമസമാധാന നില ഭദ്രമാക്കാൻ സാധിച്ചു. കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാൻ കഴിഞ്ഞു. എല്ലാ സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി. ജനകീയ ആരോഗ്യ നയം നടപ്പിലാക്കി. മുടങ്ങിക്കിടന്ന കുടിവെള്ള പദ്ധതി

കൾ ഏറ്റെടുത്ത് പ്രാവർത്തികമാക്കി. ധനകാര്യ വകുപ്പിനെ തികഞ്ഞ കാര്യക്ഷമതയുള്ള ഒരു വകുപ്പായി മാറ്റി. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുകയാണ്. യു.പി.എ. ഗവൺമെന്റിൽ സി.പി.ഐ.(എം)-ന് സ്വാധീനമുണ്ടായിരുന്നതുകൊണ്ടുമാത്രമാണ് പാലക്കാട് റെയിൽവെ കോച്ച് ഫാക്ടറിക്ക് അനുവാദം ലഭിച്ചത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്കനുയോജ്യമായ വിധത്തിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് രൂപം നൽകുന്നത്. അത്തരം പദ്ധതികൾ കേരളത്തിന് അനുയോജ്യമാക്കി മാറ്റാനും ഇവിടത്തെ സിവിൽ സർവ്വീസ് മെച്ചപ്പെടുത്താനും ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പുവരുത്താനുമാവശ്യമായ സംവിധാനമേർപ്പെടുത്തണം.

<u>ശ്രീ. പി.സി. ജോർജ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു.. ഓഫീസേഴ്സ് ഗ്യാലറിയിൽ ഉദ്യോഗസ്ഥമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. സാമ്രാജ്യവാദം പറയുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ മന്ത്രിമാർ അമേരിക്കയിലും കാനഡയിലും പോകുന്നത് ശരിയല്ല. പുത്തരിക്കണ്ടം മൈതാനത്തിൽ വച്ച് പാർട്ടി സെക്രട്ടറിക്ക് സ്വീകരണം കൊടുക്കാനുള്ള തീരുമാനം മാറ്റിവയ്ക്കണം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മൂല്യച്യുതിയുണ്ടായിരിക്കുന്നു. നേതൃത്വത്തിൽ ജീർണ്ണത ബാധിച്ചിരിക്കുന്നു. എസ്.എൻ.സി. ലാവ്ലിൻ കേസ് നിയമപരമായി നേരിടണം. പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായ പരാജയം മനസ്സിലാക്കി ഗവൺമെന്റ് മുന്നോട്ടുപോകണം.

<u>ശ്രീ. യു.സി. രാമൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. മൂന്നു വർഷം കൊണ്ട് സമസ്ത മേഖലകളേയും തകർത്ത് തരിപ്പണമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ലക്ഷ്യബോധമില്ലാത്ത ഒരുകൂട്ടം മന്ത്രിമാരാണ് കേരളം

ഭരിക്കുന്നത്. ഈ മന്ത്രിമാർക്ക് സാധാരണക്കാരുടെ നികുതിപ്പണം ഇനിയും അനുവദിച്ചുകൊടുക്കുന്നത് തെറ്റാണ്. ധാർമ്മികത നഷ്ടപ്പെട്ട ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. ജനമനസ്സുകളിൽ ഇത്രയേറെ വിശ്വാസ്യത നഷ്ടപ്പെട്ട ഒരു സർക്കാരിനെ കേരളം ഇതിനുമുമ്പ് കണ്ടിട്ടില്ല. കഴിഞ്ഞ മൂന്നുവർഷമായി കേന്ദ്രം അനുവദിച്ച സ്കോളർഷിപ്പ് തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. മദ്രസ നവീകരണ ഗ്രാന്റ് നൽകിയിട്ടില്ല. 3642.5 കോടി രൂപയുടെ കേന്ദ്ര സഹായം നഷ്ടമാക്കി. വ്യാവസായിക നിക്ഷേപത്തിന്റെ കാര്യത്തിൽ 2008-09-ലെ കണക്കനുസരിച്ച് സംസ്ഥാനം 20-ാം സ്ഥാനത്താണ്. ക്ഷേമനിധി ബോർഡുകളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരില്ലാത്തതിനാൽ ക്ഷേമനിധി ആനുകൂല്യം ലഭ്യമാകുന്നില്ല. ഐ.എ.എസ്., ഐ.പി.എസ്. തലങ്ങളിലുള്ള ഉദ്യോഗസ്ഥർ കേരളം വിട്ടൊഴിയുന്ന അവസ്ഥയാണുള്ളത്.

<u>ശ്രീ. രാജു എബ്രഹാം</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പരിസ്ഥിതി പ്രശ്നങ്ങളടക്കമുള്ള തടസ്സങ്ങൾ നീക്കിക്കൊണ്ട് എത്രയുംവേഗം കമ്മീഷൻ ചെയ്യാനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. എൽ. എൻ. ജി. ടെർമിനലിന്റെ കാര്യത്തിലും പുരോഗതിയുണ്ടായിട്ടുണ്ട്. 2000 ഏക്കർ ഭൂമി അക്വയർ ചെയ്തുകൊണ്ട് കണ്ണൂരിൽ അന്താരാഷ്ട്ര വിമാനത്താവളം ആരംഭിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. കൊച്ചി മെട്രോ റെയിൽവേ കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭമായി നടപ്പാക്കണമെന്ന കേരളത്തിന്റെ ആവശ്യം

പ്രാവർത്തികമാക്കാൻ കേന്ദ്ര മന്ത്രിമാർ ഇടപെടണം. കുട്ടനാട് പാക്കേജിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് ഒരു കാരണവും കാണിക്കാതെ തിരിച്ചയയ്ക്കുന്നത് പദ്ധതി താമസിപ്പിക്കുന്നതിനുവേണ്ടിയാണെന്നുള്ള യാഥാർത്ഥ്യം പ്രതിപക്ഷം മനസ്സിലാക്കണം. സംസ്ഥാനത്ത് പുകമറ സൃഷ്ടിച്ചുകൊണ്ട് പുരോഗമനപരമായ പ്രവർത്തനങ്ങളെ ഇല്ലാതാക്കാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. ആത്മാർത്ഥമായ സമീപനം പ്രതിപക്ഷം സ്വീകരിച്ചാൽ വിഴിഞ്ഞം പോർട്ടിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയും. ടീകോം അധികൃതരുമായി സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് ഈ മാസം തന്നെ ചർച്ച നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പി.ഡബ്ളിയു.ഡി. റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിൽ, പ്രത്യേകിച്ച് നഗര വികസന പദ്ധതികളുടെ കാര്യത്തിൽ വമ്പിച്ച പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. സാമ്പത്തിക രംഗത്ത് ധനകാര്യ വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ദേവസ്വം വകുപ്പിനെ അഴിമതിരഹിതമാക്കാൻ കഴിഞ്ഞു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുകയും മരുന്ന് ലഭ്യമാക്കുകയും ചെയ്തു. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിന് എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കാനും നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. കാർഷിക രംഗത്ത് ജനങ്ങളെ താൽപര്യത്തോടെ അണിനിരത്താൻ സർക്കാരിന് കഴിഞ്ഞു. മദ്യദുരന്തമില്ലാത്ത, ക്രമസമാധാനം നിലനിൽക്കുന്ന, വ്യവസായ പുരോഗതി കൈവരിക്കാനാവശ്യമായ വ്യാവസായിക അന്തരീക്ഷമുള്ള സ്റ്റേറ്റായി സംസ്ഥാനത്തെ മാറ്റാൻ സർക്കാരിന് കഴിഞ്ഞു. തീരദേശത്തെ പട്ടിണിയിൽ നിന്ന് മോചിപ്പിക്കാനും ട്രോളിംഗ് നിരോധന കാലത്ത് സൗജന്യ

റേഷൻ അനുവദിക്കുന്നതിനും എല്ലാ മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ടുള്ള നടപടികളാണ് മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചത്. വീടില്ലാത്തവർക്ക് വീടും സ്ഥലമില്ലാത്തവർക്ക് സ്ഥലവും രണ്ട് ലക്ഷം തോട്ടം തൊഴിലാളികൾക്ക് പെൻഷനും അനുവദിക്കാനുമുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സെക്രട്ടേറിയറ്റിൽ പ്രധാനപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ തട്ടുകൾ കുറയ്ക്കണം.

<u>ശ്രീ. വി.എസ്. സുനിൽകുമാർ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഒട്ടേറെ ഭരണ പരിഷ്ക്കാരങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും നടത്തിയ ഒരു ഗവൺമെന്റാണിത്. ആഭ്യന്തര ഉല്പാദന രംഗത്ത് ഭീമമായ തകർച്ച നേരിട്ടപ്പോൾ ശക്തമായ നടപടികൾ സ്വീകരിച്ച് ഒരു പരിധി വരെ അതിന് പരിഹാരം കാണാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ തരിശ് ഭൂമികളിൽ കൃഷിയിറക്കുന്നതിന് പകരം ഭൂമാഫിയകൾ നിലം നികത്തുകയും റിയൽ എസ്റ്റേറ്റ് ലോബികൾ കൊള്ളലാഭമുണ്ടാക്കുകയും ചെയ്ത കാലഘട്ടം അവസാനിച്ചിരിക്കുകയാണ്. തരിശായി കിടന്നിരുന്ന 14,000 ഹെക്ടർ ഭൂമിയിൽ കൃഷി ആരംഭിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ആറര ലക്ഷം മെട്രിക് ടൺ അരി ഉൽപ്പാദിപ്പിക്കുന്ന ഈ സംസ്ഥാനത്ത് വരുന്ന രണ്ട് വർഷത്തിനുള്ളിൽ പത്ത് ലക്ഷം മെട്രിക് ടൺ അരി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ സീസണിൽ 233,000 ടൺ അരിയുടെ വർദ്ധനവ് ഉൽപ്പാദന രംഗത്തുണ്ടായി. പാൽ, മുട്ട ഉൾപ്പെടെ

വിവിധ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. നഷ്ടത്തിലായിരുന്ന 15 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു. സിവിൽ സർവ്വീസ് കാര്യക്ഷമവും അഴിമതി വിമുക്തവുമാക്കാനുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോവുകയാണ്. ഇൻഡ്യയിലെ ഏത് സംസ്ഥാനത്തിനും മാതൃകയാകത്തക്ക നിലയിൽ പൊതുവിതരണ മേഖല ശക്തിപ്പെടുത്താനും വിലനിലവാരം പിടിച്ചുനിർത്താനും എൽ.ഡി.എഫ് ഗവൺമെന്റിന് കഴിഞ്ഞു ചരിത്രത്തിലാദ്യമായി ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് ഒരു കിലോ അരി രണ്ട് രൂപയ്ക്ക് കൊടുക്കാൻ തീരുമാനിച്ചു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ശക്തമായ ഇടപെടലുണ്ടായിരുന്നതിനാലാണ് യു.പി.എ ഗവൺമെന്റിന് വീണ്ടും അധികാരത്തിൽ വരാൻ സാധിച്ചത് ഇൻഡ്യയിലെ പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കുന്നതിനും വിദേശ കുത്തക മുതലാളിമാർക്ക് തീറെഴുതി കൊടുക്കാനും ദ്രുതഗതിയിലുള്ള നടപടികളുമായി പുതിയ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് പോകുന്നത് ആശങ്കാജനകമാണ്. ഇൻഡ്യയുടെ റേഷനിംഗ് സമ്പ്രദായത്തെ അട്ടിമറിക്കാനും ബി.പി.എൽ വിഭാഗത്തിലുള്ളവരുടെ എണ്ണം വെട്ടിച്ചുരുക്കാനും വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യസുരക്ഷാ നിയമം കൊണ്ടുവരുന്നത്. രാജ്യത്തിന്റെ പൊതു വിതരണ മേഖലയെ ഉൾപ്പെടെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ ചെറുക്കാൻ കേരളത്തിൽ നിന്നുള്ള മന്ത്രിമാർ തയ്യാറാകണം.

<u>ശ്രീ. പി. ജയരാജൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി കോർപ്പറേറ്റ് ഫണ്ടിൽ നിന്ന് പണം

വാങ്ങാതെ ജനങ്ങൾക്കുവേണ്ടി ഭരണം നടത്തുന്ന ഒരു പ്രസ്ഥാനമാണ്. ആ പ്രസ്ഥാനമാണ് മൂന്ന് വർഷത്തെ ഭരണം പൂർത്തീകരിച്ചുകൊണ്ട് അടുത്ത രണ്ട് വർഷത്തേയ്ക്കുള്ള ഭരണത്തിനുവേണ്ടി സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ട് പോകുന്നത്. അത്തരമൊരു ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നതിൽ അഭിമാനമുണ്ട്. മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തെ സംബന്ധിച്ചാണ് പ്രതിപക്ഷം ആരോപണ മുയർത്തുന്നത്. മുഖ്യമന്ത്രിയടക്കം ക്യാബിനറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്നവരാരും ഈ സഭയിൽ ക്യാബിനറ്റ് തീരുമാനത്തിനെതിരായി ഒന്നും പറഞ്ഞിട്ടില്ല. എസ്.എൻ.സി. ലാവ്ലിൻ കേസിൽ പ്രോസിക്യൂഷൻ അനുമതി സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയശേഷം അതിന് അനുമതി നൽകേണ്ട എന്ന് ഗവർണ്ണറെ അറിയിച്ചിട്ടും അതിനെതിരായി പ്രവർത്തിച്ച ഗവർണ്ണർ ഭരണഘടനാ ലംഘനം നടത്തിയെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ടാണ് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടുവെന്ന് പ്രതിപക്ഷം ആരോപിക്കുന്നത്. മൂന്ന് ജലവൈദ്യുത പദ്ധതികൾ നവീകരിക്കാനുള്ള ചുമതല ഏറ്റെടുത്തതിന്റെ പേരിലാണ് ശ്രീ. പിണറായി വിജയൻ ഇന്ന് പ്രതിക്കൂട്ടിലായിരിക്കുന്നത്. മന്ത്രിസഭാ തീരുമാനം തള്ളിക്കളയാൻ ഗവർണ്ണറെ യു.ഡി.എഫ്. ഭീഷണിപ്പെടുത്തുകയും ഗവർണ്ണറുടെ ഓഫീസിലേയ്ക്ക് മാർച്ച് നടത്തുകയും ചെയ്തു. തരംതാണ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി നടത്തുന്ന ഇത്തരം പ്രവൃത്തികൾ ജനം തിരിച്ചറിയും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉൾപാർട്ടി ജനാധിപത്യത്തെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്ന ഒരു പാർട്ടിയായതിനാൽ തെറ്റുകൾ മനസ്സിലാക്കി തിരുത്താനുള്ള കഴിവുണ്ട്. പരാജയത്തിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് തെറ്റുകൾ തിരുത്തുമ്പോൾ

ബഹുഭൂരിപക്ഷം ആളുകളുടേയും പിന്തുണയുണ്ടാകും. എസ്.എൻ.സി ലാവ്‌ലിൻ കേസ്സുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ നടത്തുന്ന ചില പ്രചരണ ങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കേസ്സുമായി ബന്ധപ്പെട്ട് സി.ബി.ഐ. കോടതിയിൽ റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. ബി.ജെ.പി.-യിൽനിന്നും കോൺഗ്രസ്സിൽ നിന്നും വേറിട്ട നയത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്നു വർഷമായി ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിന്റെ വികസനത്തിന് ആവശ്യമായ കർമ്മ പരിപാടികൾ നടപ്പാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. ചർച്ചയിൽ പങ്കെടുത്ത സി.പി.ഐ.(എം) അംഗങ്ങൾ പ്രതിപക്ഷത്തെ രൂക്ഷമായി വിമർശിക്കുക മാത്രമാണ് ചെയ്തത്. ഈ സർക്കാരിന്റെ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടിരിക്കുകയാണ്. സി.പി.ഐ.(എം)-ലെ ആഭ്യന്തര പ്രശ്നങ്ങൾ സംസ്ഥാന ഭരണത്തെയും കേര ളത്തിലെ ജനങ്ങളെയും ബാധിച്ചിരിക്കുന്നു. തലസ്ഥാന നഗരിയുടെ വികസനം ശരിയായവിധം നടക്കാത്തതുമൂലം 125 കോടി രൂപ കേരളത്തിന് നഷ്ടപ്പെടുന്ന അവസ്ഥ വന്നിരിക്കുന്നു. യു.ഡി.എഫ് ഭരണകാലത്ത് പാളയം അണ്ടർപാസ്സ് നിർമ്മാണം 11 മാസംകൊണ്ട് പൂർത്തിയാക്കി. ബേക്കറി ജംഗ്ഷനിലെ മേൽപ്പാല നിർമ്മാണം യു.ഡി.എഫ് ഭരണകാലത്ത് പണി നട ത്തിയ അതേനിലയിൽത്തന്നെ ഇപ്പോഴും നിൽക്കുകയാണ്. സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്ന കാര്യത്തിലും ഇപ്പോൾ ഗവൺമെന്റിന് തിരിച്ചടി നേരിട്ടിരിക്കുന്നു. ഇൻഫോ പാർക്ക് വിട്ടുകൊടുക്കുകയില്ലെന്നും ഒരിഞ്ച് ഭൂമി പോലും സൗജന്യമായി കൊടുക്കുകയില്ലെന്നും ഒരു സെന്റ് സ്ഥലം

പോലും വിൽക്കുകയില്ലെന്നും പറഞ്ഞിരുന്ന വ്യവസ്ഥകളെല്ലാം മാറ്റിക്കൊണ്ട് മൂന്ന് സ്വകാര്യ കമ്പനികൾക്ക് 23.37 ഏക്കർ സ്ഥലം കൊടുത്തിരിക്കുന്നു. 109 കോടി രൂപയ്ക്ക് ടീകോമിന് ഭൂമി കൊടുക്കാനാണ് യു.ഡി.എഫ്. ഗവൺമെന്റ് കരാർ ഒപ്പുവച്ചിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കരാർ തെറ്റാണെന്നുവരുത്തിതീർക്കാൻ ഈ ഗവൺമെന്റ് വരുത്തിയ മാറ്റങ്ങളാണ് ഇപ്പോൾ വിനയായി ഭവിച്ചിട്ടുള്ളത്. വിഴിഞ്ഞം തുറമുഖത്തിന്റെ ടെന്റർ നടപടികളുടെ സുതാര്യത കോടതിയെ ബോധ്യപ്പെടുത്തിയാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ തീരും. കേരളത്തിൽ മാത്രമായി പൊതുമേഖലയിൽ മെട്രോ റെയിൽ നടപ്പിലാക്കാൻ കഴിയില്ലെന്നും പ്രൈവറ്റ്-പബ്ലിക് പാർട്ടിസിപ്പേഷനിലേയ്ക്ക് പോകണമെന്നുമാണ് ഇതുസംബന്ധിച്ച ചർച്ചയിൽ പ്രധാനമന്ത്രി ഉപദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെല്ലാം സ്തംഭനാവസ്ഥയിലാണ്. നിത്യോപയോഗ സാധനങ്ങളുടെ വില ഉയർന്നുകൊണ്ടിരിക്കുന്നു. എ.പി.എൽ. കാർഡുടമകൾക്കുള്ള അരിവിഹിതം കേന്ദ്രത്തിൽനിന്നും വാങ്ങിച്ചെടുക്കാൻ പ്രതിപക്ഷത്തിന്റെ സഹകരണമുണ്ടാകും. സ്വാശ്രയ കോളേജുകളിലെ പ്രവേശനവും ഫീസ് ഘടനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഒരു തീരുമാനത്തിലെത്താൻ നാല് വർഷമായിട്ടും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നാല് സ്വാശ്രയ കോളേജുകളുടെ അഫീലിയേഷൻ റദ്ദാക്കിയതിന് പരിഹാരം കാണുന്നതിനെക്കുറിച്ച് ആലോചിക്കാൻ പോലും ഗവൺമെന്റിന് സമയമില്ല. സ്കൂളുകൾ തുറന്ന് മൂന്നാഴ്ച കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. പാഠ്യപദ്ധതിയുടെ പരിഷ്ക്കരണവും വിവാദത്തിലെത്തിയിരിക്കുന്നു. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതുമൂലം

കോളേജ് അധ്യാപകരും ഡിഗ്രി വിദ്യാർത്ഥികളും നട്ടംതിരിയുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ-ആദിവാസി വിഭാഗങ്ങളോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. 690 ദിവസമായി തുടരുന്ന ചെങ്ങറ സമരം അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാൻ തയ്യാറാകണം. ആറളം ഫാമിൽ വിതരണം ചെയ്ത ഭൂമിയിൽനിന്നും ശേഖരിക്കുന്ന കാർഷിക വിളകൾ വിൽക്കാനുള്ള സ്വാതന്ത്ര്യം പോലും കർഷകർക്കില്ല. കുട്ടനാട്ടിൽ ആർ. ബ്ലോക്കിൽ ഭൂരഹിതരായ പാവപ്പെട്ടവർക്ക് കൊടുത്ത മിച്ചഭൂമി ഭൂമാഫിയകളുടെ കൈകളിൽനിന്നും തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ഗുണ്ടാ ആക്ട് ഫലപ്രദമായി നടപ്പിലാക്കണം. കേന്ദ്രത്തിൽ സുസ്ഥിരമായ ഗവൺമെൻറ് വന്ന സാഹചര്യത്തിൽ ഭരണ-പ്രതിപക്ഷമൊന്നിച്ച് സംസ്ഥാനത്തിന്റെ പുരോഗതിക്കായി പ്രയത്നിക്കേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്യുതാനന്ദൻ): പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ പല അവാസ്തവ പ്രസ്താവനകളിലൂടെ പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. കടക്കെണിയിൽനിന്ന് കർഷകരെ രക്ഷിക്കാനായി കർഷക കടാശ്വാസ നിയമം കൊണ്ടുവന്നതുവഴി ആത്മഹത്യാ നിരക്ക് കുറയ്ക്കാൻ സാധിച്ചു. ഉൽപാദനക്ഷമത വർദ്ധിപ്പിച്ചതുവഴി കൃഷിക്കാരുടെ വരുമാനം വർദ്ധിച്ചു. നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചുകൊണ്ട് കൃഷിക്കാർക്ക് കൃഷി ചെയ്യാൻ പ്രോൽസാഹനം നൽകി. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ നിയമവും പ്രവാസി മലയാളികൾക്കായി പ്രവാസി നിയമവും കൊണ്ടുവന്നു. സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം ഉണ്ടായിരുന്ന സംസ്ഥാനത്ത് റേഷൻ വിഹിതം വെട്ടിക്കുറച്ചത് വിലക്കയറ്റത്തിനിടയാക്കി. കേരളത്തിന് കൂടുതൽ കേന്ദ്ര മന്ത്രിമാരെ ലഭിച്ച

സാഹചര്യത്തിൽ കേരളത്തിന്റെ പ്രശ്നങ്ങളിൽ ന്യായമായ പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങളെപ്പറ്റിയൊന്നും ഇവിടെ പ്രതിപാദിക്കുന്നില്ല. ഗവർണ്ണറുമായി ബന്ധപ്പെട്ട ഇഷ്യുവിൽ ഗവൺമെന്റ് ശരിയായ നിലപാട് സ്വീകരിച്ചിട്ടുണ്ടെന്ന് പ്രതിപക്ഷം തന്നെ സമ്മതിച്ചിരിക്കുകയാണ്. 24 കൊല്ലത്തിനുമുമ്പ് നഷ്ടപ്പെട്ട കോച്ച് ഫാക്ടറി നേടിയെടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കല്ലിട്ട വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ രണ്ടുമൂന്ന് മാസത്തിനകം ഉദ്ഘാടനം ചെയ്യും. വിഴിഞ്ഞം തുറമുഖ പദ്ധതി വേഗത്തിൽ നടപ്പാക്കാൻവേണ്ടി സാങ്കേതിക വിദഗ്ദ്ധരുളള ടീമിനെ നിയോഗിച്ച് കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. പത്രത്തിൽ വരുന്ന അടിസ്ഥാന രഹിതമായ വാർത്തകൾ വിശ്വസിച്ച് വിവാദം സൃഷ്ടിക്കുന്ന രീതി പ്രതിപക്ഷം ഉപേക്ഷിക്കണം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന 31-നെതിരെ 76 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3-55-ന് പിരിഞ്ഞു.

...................